(ബി) കൂടിയൊഴിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ എന്തു നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ ജലസ്ത്രോതസ്സുകളെപ്പറ്റിയുള്ള സാധ്യതാപഠനത്തിന്റെ ഭാഗമായി പെരിഞ്ഞൻകുട്ടിയിലും പഠനം നടത്തുകയുണ്ടായി. അല്ലാതെ പെരിഞ്ഞാൻകുട്ടി പദ്ധതി എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

86 (610) വ്യാജ സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയവർക്കെതിരെ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യു വകുപ്പു ഉദ്യോഗസ്ഥന്മാർ ഭൂമിയുടെ യഥാർത്ഥവിലയേക്കാൾ ഉയർന്നവില നിർണ്ണയിച്ച് തെറ്റായി സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) വ്യാജ സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്രകാരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഇക്കാര്യത്തെക്കുറിച്ചു അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരാണെന്ന് തെളിയുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

87 (611) "പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം"

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലാക്രമണവും പ്രകൃതിക്ഷോഭവും കാരണം ഈ വർഷം ഭവനരഹിതരായവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും എന്തെല്ലാം ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സൗജന്യറേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷത്തെ കാലവർഷക്കെടുതിയും പ്രകൃതിക്ഷോഭവും മൂലമുണ്ടാകുന്ന ദുരിതം ലഘൂകരിക്കുന്നതിനായി ഓരോ ജില്ലയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly